/112878/2023

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം:ADFW/5256/2023-TV1 തീയതി:14-07-2023

**സർക്കുലർ**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - 2023 ചിങ്ങം 1 -ലെ കർഷക ദിനാചാരണത്തോടനുബന്ധിച്ച് - പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി - പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന:- 1) 25.04.2023 ലെ സ. ഉ (ആർ.റ്റി) നം. 383/2023/കൃഷി

2) 26.06.2023 ലെ ഇതേ നമ്പർ സർക്കുലർ

1199 ചിങ്ങം 1 (17.08.2023) കർഷക ദിനത്തോടനുബന്ധിച്ച് എല്ലാ കൃഷി ഭവനുകളിലും കർഷക ദിനാചരണം നടത്തുന്നതിന് സൂചന(2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. കർഷക ദിനാഘോഷങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും കൃഷിയിറക്കലിന് ജനഹൃദയങ്ങളിൽ ഇടം നൽകുന്നതിനും താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

കർഷക ദിനത്തിന്റെ ഭാഗമായി പുതുതായി ഒരു ലക്ഷം കൃഷിയിടങ്ങൾ ഒരുക്കേണ്ടതാണ്. ഈ കൃഷിയിടങ്ങൾ പച്ചക്കറി ക്യാമ്പയിൻ 2023 ന്റെ ഭാഗമായി വിവിധ ഇനം പച്ചക്കറികളുടെ കൃഷിക്ക് പ്രാധാന്യം നൽകുന്ന വിധം ആയിരിക്കണം ആസൂത്രണം ചെയ്യേണ്ടത്. പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും പുതിയ കൃഷിയിടം കണ്ടെത്തി കൃഷി തുടങ്ങേണ്ടതും അതാത് വാർഡ് മെമ്പർമാരുടെ മേൽനോട്ടത്തിൽ ടി കൃഷിയിടം ഉദ്ഘാടനം ചെയ്യേണ്ടതാണ്. അതിനായി ചിങ്ങം 1ന് രാവിലെ 9 മണിക്ക് മുൻപായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പുതുതായി കണ്ടെത്തുന്ന കൃഷിയിടങ്ങളിൽ വിത്ത് വിതയ്ക്കൽ / നടീൽ ഉദ്ഘാടനം നടത്തേണ്ടതാണ്. ഒരു വാർഡിൽ കുറഞ്ഞത് 6 കൃഷിയിടങ്ങൾ ഇതിനായി കണ്ടെത്തണം. ഓരോ കൃഷിയിടവും കുറഞ്ഞത് 10 സെന്റിൽ പച്ചക്കറി കൃഷി കൂടി ചെയ്യുന്നവിധം ആയിരിക്കണം ആസൂത്രണം ചെയ്യേണ്ടത്. എല്ലാ കൃഷിഭവനുകളിലും പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/മേയർ എന്നിവരുടെ നേതൃത്വത്തിൽ കാർഷിക വികസന സമിതി, കർഷക സംഘടനകൾ, കൃഷി കൂട്ടങ്ങൾ, കുടുംബശ്രീ, ഹരിതകർമ്മസേന, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, യുവജനസംഘടനകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ യോഗം ചേരേണ്ടതും പുതിയ കൃഷിയിടങ്ങൾ കണ്ടെത്തുന്നതിനും കൃഷി ആരംഭിക്കുന്നതിനുമുള്ള പിന്തുണയും നേതൃത്വവും ഉറപ്പാക്കേണ്ടതുമാണ്. തുടർന്ന് ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി വാർഡ് തലത്തിൽ രൂപീകരിച്ചിട്ടുള്ളതും വാർഡ് മെമ്പർമാരുടെ അദ്ധ്യക്ഷതയിൽ ഉള്ളതുമായ വാർഡ്തല സമിതികളുമായി കൃഷി ഉദ്യോഗസ്ഥർ (കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ്) ചർച്ച നടത്തി സമിതിയുടെ ചുമതലയിൽ കൃഷിയിടങ്ങളിലെ ഉദ്ഘാടന ചടങ്ങ് നടത്തണം. ഉദ്ഘാടന ചടങ്ങിൽ വാർഡുകളിലെ 5 ഉത്തമ കൃഷികുടുംബങ്ങൾക്ക് (ഞങ്ങളും കൃഷിയിലേക്ക് ക്യാമ്പയിന്റെ ഭാഗമായി കണ്ടെത്തിയവർ) ആദരവ് നൽകണം. ഓരോ കൃഷിയിടങ്ങളിലും വ്യത്യസ്ത മേഖലയിലുള്ളവർ ഉദ്ഘാടകരാകണം (ഉദാ:- വാർഡ് മെമ്പർ, മികച്ച കർഷകർ, അദ്ധ്യാപകർ, ഇതര വകുപ്പുകളിലെ ഉദ്യോഗസ്ഥർ, മികച്ച വിജയം നേടിയ വിദ്യാർത്ഥികൾ, കലാ/കായിക മേഖലയിലുള്ളവർ, മുതിർന്ന കർഷക തൊഴിലാളി). കാലാവസ്ഥയെ അടിസ്ഥാനമാക്കിയും ഒരോ പ്രദേശത്തിന്റെ സാധ്യതകൾക്കനുസരിച്ചും ജില്ലാതല/ ബ്ലോക്കുതല/ പഞ്ചായത്തുതല/ വാർഡുതല വിള നിർണ്ണയ പ്ലാനിന്റെയും അടിസ്ഥാനത്തിൽ എല്ലാ പി.എ.ഒ.മാർക്കും എന്താണ് കൃഷി ചെയ്യേണ്ടത് എന്ന് തീരുമാനിക്കാം. ഇത്തരം പ്രവർത്തനങ്ങളിലെല്ലാം പുതുതായി രൂപീകരിക്കപ്പെട്ട കൃഷിക്കൂട്ടങ്ങളുടെ സേവനം ഉറപ്പ് വരുത്തുന്നതിനോടൊപ്പം പ്രാദേശിയ പാരമ്പര്യ കർഷകർക്കും പ്രാധാന്യം നല്കിക്കൊണ്ടുമാവണം കൃഷിയിടങ്ങൾ സജ്ജീകരിക്കേണ്ടത്. പുതിയ കൃഷിയിടങ്ങളിൽ കൃഷി ആരംഭിക്കുന്നതിന്റെ ദൃശ്യങ്ങൾ കൃഷി ഭവനുകൾ ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

ചിങ്ങം 1 ന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ കർഷകദിനാചരണ സമ്മേളനങ്ങൾ നടത്തേണ്ടതാണ്. പൊതുയോഗം അതാതു തദ്ദേശ സ്വയം ഭരണ സ്ഥാപന തലവന്റെ നേതൃത്വത്തിൽ 1076 കൃഷി ഭവനുകളിലും നടത്തേണ്ടതാണ്. പൊതുയോഗ വേദിയിൽ ഒരു മുതിർന്ന കർഷകന്റെ സാന്നിധ്യം ഉണ്ടാകേണ്ടതും ടിയാനെ പ്രത്യേകമായി ആദരിക്കേണ്ടതുമാണ്.

കാർഷിക വികസന സമിതി ചേർന്ന് ചിങ്ങം 1 ന് ആദരിക്കേണ്ട പഞ്ചായത്തിലെ മികച്ച കർഷകരെ കണ്ടെത്തേണ്ടതാണ്. ജൈവകൃഷി അവലംബിക്കുന്നവർ ,മികച്ച വനിതാ കർഷക, വിദ്യാർത്ഥി കർഷകൻ/കർഷക, മുതിർന്ന കർഷകൻ/കർഷക, SC/ST വിഭാഗത്തിലുള്ള കർഷകർ തുടങ്ങിയവരെ ഉറപ്പായും ആദരിക്കേണ്ട കർഷകരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. മറ്റു കൃഷി അനുബന്ധമേഖലകളിലുള്ളവരെയും കർഷകദിനാഘോഷ പരിപാടികളിലേക്ക് ക്ഷണിക്കാവുന്നതാണ്.

എല്ലാ കൃഷിഭവനുകളും കർഷകദിനത്തിൽ ഭംഗിയായി അലങ്കരിക്കേണ്ടതാണ്. പ്ലാസ്റ്റിക്/ഫ്ലക്സ് ബോർഡുകൾ ഒഴിവാക്കേണ്ടതാണ്. കർഷകദിനത്തിനായുള്ള ബാനറിന്റെ മാതൃക ഫാം ഇൻഫർമേഷൻ ബ്യൂറോ രൂപകൽപ്പന ചെയ്ത്

നൽകുന്നതാണ്.

കർഷകദിനത്തോടനുബന്ധിച്ചുള്ള യോഗത്തിൽ സമകാലീന പ്രാധാന്യമുള്ള കാർഷിക വിഷയങ്ങളിൽ സെമിനാർ സംഘടിപ്പിക്കേണ്ടതുമാണ്.

കർഷകദിനത്തിന്റെ വിജയകരമായ നടത്തിപ്പിന് ജില്ലാ കൃഷി ഓഫീസർ, പ്രോജക്ട് ഡയറക്ടർ ആത്മ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി) എന്നിവർ ജില്ലകളിൽ നേതൃത്വം നൽകേണ്ടതും, ഓരോ ബ്ലോക്കിന്റെയും ചുമതലയുള്ള നോഡൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ കർഷകദിനാഘോഷ ചടങ്ങുകളിൽ പങ്കെടുക്കേണ്ടതുമാണ്.

കർഷകദിനത്തിലേക്ക് ആവശ്യമായ തുക **2401-00-109-80 (പ്ലാൻ)** ശീർഷകത്തിൽ **കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ 2023-24** പദ്ധതിയുടെ **പൊതുജന പങ്കാളിത്തം** എന്ന ഘടകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ഒരു കൃഷിഭവന് കർഷകദിനം നടത്തിപ്പിനായി 5000/- രൂപ (അയ്യായിരം രൂപ മാത്രം) പരമാവധി ചെലവഴിക്കാവുന്നതാണ്. ബാങ്കുകൾ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് സ്പോൺസർഷിപ്പ് വഴി കൂടുതൽ പരിപാടികൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. യാതൊരു പരാതികൾക്കും ഇടവരുത്താതെ ഈ വർഷത്തെ കർഷകദിനം പഞ്ചായത്ത് തലത്തിൽ സമുചിതമായി ആഘോഷിക്കുവാൻ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

AJAYAKUMAR S
ADDITIONAL DIRECTOR OF AGRICULTURE(EXT)
കൃഷി ഡയറക്ടർക്ക് വേണ്ടി

Additional Director of Agriculture (Extension)
Directorate of Agriculture
Thiruvananthapuram-33

സ്വീകർത്താവ്
1) എല്ലാ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.
2) എല്ലാ പ്രോജക്ട് ഡയറക്ടർമാർ ആത്മ
3) എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാരുടെ സി.എ മാർക്കും.
4) എല്ലാ കൃഷി ജോയിന്റ് ഡയറക്ടർമാരുടെ സി.എ മാർക്കും.
5) പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, എഫ്.ഐ.ബി. - ആവശ്യമായ തുടർനടപടികൾക്ക്
6) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി സെൽ - അറിവിലേക്കും വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി
7) എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും, കൃഷി ഓഫീസർമാർക്കും, കൃഷി ഫീൽഡ് ഓഫീസർമാർക്കും